ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, 2012-2013 വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട കെ.എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിൽ വർദ്ധിപ്പിച്ച എല്ലാ നികുതികളും പിൻവലിക്കണമെന്നാണ് എന്റെ വിയോജനക്കുറിപ്പ്. എന്തിനാണ് നികുതി വർദ്ധിപ്പിക്കുന്നത്? നികുതി വർദ്ധിപ്പിക്കാതെ ഇവിടെ ഭരിക്കാൻ വേണ്ടി കഴിയുമെന്ന് എൽ.ഡി.എഫ്.-ന്റെ അഞ്ച് വർഷക്കാലത്തെ ഭരണം ഇവിടെ തെളിയിച്ചിട്ടുള്ളതാണ്. നികുതി വർദ്ധിപ്പിക്കാതെ ഓരോ വർഷവും 20% അധികം പിരിച്ചുകൊണ്ട് വരുമാനം 20% കണ്ട് വർദ്ധിപ്പിച്ച് വളരെ വിപുലമായിട്ടുള്ള വികസന പ്രവർത്തനം നടത്തിയിട്ടുള്ള അനുഭവം എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇവിടെയുണ്ട്. ഇപ്പോൾ ഇവിടെ ശ്രീ. കെ.എം. മാണി സാർ പറയുന്നത് അദ്ദേഹം 27% വർദ്ധനവ് ഉണ്ടാക്കിയെന്നാണ്. ആ 27% വർദ്ധനവ് എങ്ങനെയാണ് ഉണ്ടാക്കിയത്? അത് നികുതികൾ കൂട്ടിക്കൊണ്ടാണ് ഉണ്ടാക്കിയത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ നികുതി നിരക്ക് കൂട്ടാതെയാണ് അഞ്ച് വർഷക്കാലം ശരാശരി 20% എന്ന തോതിൽ വരുമാന വർദ്ധനവ് ഉണ്ടാക്കിയത്. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വളരെ വിപുലമായ തോതിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തിയത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇക്കണോമിക് റിവ്യൂ പറയുന്നത് സാമ്പത്തിക വളർച്ച സർവ്വകാല റെക്കാർഡായ 9.13% ആണെന്നാണ്. അപ്പോൾ നികുതി വർദ്ധിപ്പിക്കാതെ തന്നെ

സമ്പദ്ഘടനയിൽ വളരെ ശക്തമായിട്ടുള്ള വളർച്ചയും കുതിപ്പുമുണ്ടാക്കാൻ കഴിയുമെന്നാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അനുഭവം തെളിയിക്കുന്നത്. പിന്നെ ശ്രീ. കെ.എം. മാണി സാറിന്റെ കാലത്ത് എന്തിനാണ് ഈ നികുതികളൊക്കെത്തന്നെ കെട്ടിയേൽപ്പിക്കുന്നത്? അത് ജനങ്ങളെ കൊള്ളയടിക്കാൻ വേണ്ടിയാണ്. ജനങ്ങളെ ദ്രോഹിക്കുന്നതിന് വേണ്ടിയാണ്. അങ്ങനെയുള്ള ജനദ്രോഹകരമായ ഈ നികുതി വർദ്ധനവിനെയാണ് എന്റെ വിയോജനക്കുറിപ്പിലൂടെ ഞാൻ ചോദ്യം ചെയ്യുന്നത്. എൽ.ഡി.എഫ്. സർക്കാർ നികുതി നിരക്ക് വർദ്ധിപ്പിക്കാതെതന്നെ ഓരോ വർഷവും വരുമാനം 20% വർദ്ധിപ്പിച്ചുവെന്ന് ഞാൻ പറഞ്ഞു. നികുതി പിരിവിന്റെ കാര്യത്തിൽ അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ് പ്രധാനമായിട്ടും ചെയ്യേണ്ടത്. ശ്രീ. കെ.എം. മാണി സാർ അതല്ല ചെയ്യുന്നത്. അദ്ദേഹം നികുതി കൂട്ടിയിട്ട് ജനങ്ങളെ പിഴിയുകയാണ്. ഇതാണ് രണ്ട് ഗവൺമെന്റുകളും തമ്മിലുള്ള വ്യത്യാസം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റും തമ്മിലുള്ള പ്രകടമായ വ്യത്യാസമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ഈ ഒരു സമീപനത്തിന്റെ കാര്യത്തിലാണ്. ശ്രീ. കെ.എം. മാണി സാർ പറയുന്നത് വാറ്റ് നികുതി കൂട്ടിയിട്ടില്ലെങ്കിൽ ജി.എസ്.ടി. നടപ്പാക്കുമ്പോൾ കേന്ദ്രത്തിന്റെ നഷ്ടപരിഹാര തുകയിൽ കുറവ് വരുമെന്നും അത് കിട്ടാൻ സാധ്യതയില്ലായെന്നുമാണ്. അത് ശരിയല്ല. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ആദ്യ വർഷംതന്നെ 1500 കോടി രൂപയോളം വർദ്ധനവ് ഉണ്ടാകു

മെന്നാണ് മനസ്സിലാക്കുന്നത്. അപ്പോൾ ശ്രീ. കെ.എം. മാണി സാറിന്റെ ആ വാദഗതി ശരിയല്ലായെന്നുള്ളതാണ് വാസ്തവം. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ സർക്കാർ സർവ്വമേഖലയിലും കേരളത്തെ പിറകോട്ടടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഞാൻ കേരളത്തിലെ ഓരോ മേഖലയെക്കുറിച്ചും ഓരോ പോയിന്റ് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കാർഷിക മേഖല വീണ്ടും പ്രതിസ ന്ധിയിൽ അകപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളി ലേയ്ക്ക് ഞാൻ പോകുന്നില്ല. കർഷക ആത്മഹത്യകൾ തിരിച്ചുവരുന്നു. എന്തെങ്കിലും ഒരു ചെറിയ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറായോ? കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള നടപടികൾ സ്വീക രിച്ചുവരുന്നു. വൈദ്യുതി പ്രതിസന്ധി രൂക്ഷമാകുന്നു. ഗവൺമെന്റ് ഈ രീതിയിലാണ് പോകുന്നതെങ്കിൽ കാലാവധി തീരുമ്പോഴേയ്ക്കും കേരളം സമ്പൂർണ്ണമായും ഇരുട്ടിലാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതിനുവേണ്ടി കാര്യക്ഷമമായ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീക രിക്കുന്നില്ല. അതാണ് വൈദ്യുതി മേഖലയുടെ സ്ഥിതി. പൊതുമേഖലാ വ്യവസായങ്ങൾ വീണ്ടും നഷ്ടത്തിലാണ്. ഞാൻ അതിന്റെ വിശദാംശങ്ങ ളിലേയ്ക്ക് കടന്നാൽ ഒരുപാട് പറയാനുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ചില വ്യവസായങ്ങൾ ഇപ്പോൾ അടഞ്ഞുകിടക്കുകയാ ണ്. അതിൽ എത്ര ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയും. നമ്മുടെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് എത്രമാത്രം മുതൽക്കൂട്ടുണ്ടാക്കാൻ കഴി

യും. ഒരനക്കവുമില്ല. എൽ.ഡി.എഫ്. ഗവൺമെന്റല്ലേ അത് കൊണ്ടുവന്നത് എന്നതാണ് അതിനോടുള്ള സമീപനം. പുന:സംഘടനയുടെ പേരിൽ പൊതുമേഖലാസ്ഥാപനങ്ങൾ കൈയൊഴിയാൻ നീക്കം നടക്കുന്നു. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവ പ്രതിസന്ധിയിലാണ്. ആളിക്കത്തുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു പദ്ധതിയുമില്ല. ഭക്ഷ്യസബ്സിഡി വെട്ടിക്കുറച്ചു. പൊതുവിതരണം തകർത്തു. മാവേലി സ്റ്റോറുകൾ നോക്കുകുത്തികളായി മാറിക്കൊണ്ടിരിക്കുന്നു. പൊതുജനാരോഗ്യമേഖല തകർച്ചയിലാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കാര്യം നമ്മൾ ഇന്നലെ ഇവിടെ ചർച്ച ചെയ്തു. അതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പകർച്ചവ്യാധികൾ വ്യാപകമാകുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ ദുർബലമാണ്. ഞങ്ങളുടെയെല്ലാം മണ്ഡലങ്ങളിൽ മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ യോഗം വിളിച്ചുകൂട്ടി. ഇപ്പോൾ അന്വേഷിക്കുമ്പോൾ ഒരു ചുക്കും നടക്കുന്നില്ലായെന്നാണ് അറിയുന്നത്. ആളുകളുടെ മുമ്പിൽ വെറുതേ ഒരു പുകമറ സൃഷ്ടിക്കാമെന്നുള്ളതല്ലാതെ കാര്യക്ഷമമായി ഒരു പ്രവർത്തനവും ഈ മേഖലയിൽ നടക്കുന്നില്ല. ആശുപത്രികളിലെ മരുന്നുവിതരണം അട്ടിമറിച്ചു. കക്കൂസിലാണ് മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നതെന്ന്  തിരുവനന്തപുരത്ത് കണ്ടതാണ്. അത് അഴിമതി നടത്തുന്നതിന്റെ ഭാഗമാണെന്ന് വളരെ വ്യക്തമല്ലേ? ഇതാണ് ഇവിടെ നടക്കുന്നത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിച്ചു.

പാലങ്ങൾ, കെട്ടിടങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണം ഇപ്പോൾ നടക്കുന്നുണ്ടോ? എന്റേതുൾപ്പെടെയുള്ള മണ്ഡലങ്ങളിൽ എല്ലാം പാതിവഴിയിലാണ്. ഉദ്യോഗസ്ഥർക്ക് ഒരു ശ്രദ്ധയുമില്ല. അത് കാര്യക്ഷമമായി നടത്തിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു നടപടിയും മേലധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇതാണ് പശ്ചാത്തലമേഖലയുടെ സ്ഥിതി. വിദ്യാഭ്യാസം കച്ചവടക്കാർക്ക് തീറെഴുതിക്കൊടുത്തിരിക്കുന്നു. വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസമേഖല മാനേജ്മെന്റിന് തീറെഴുതിക്കൊടുത്തിരിക്കുന്നു. മെരിറ്റ് സീറ്റിലെ ഫീസ് കുത്തനെ ഉയർത്തി. പൊതുവിദ്യാഭ്യാസ മേഖലയിൽ കോർപ്പറേറ്റുകൾക്ക് അനുവാദം നൽകി. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം തകർത്തു. ക്ഷേമപ്രവർത്തനങ്ങൾ പരിമിതപ്പെടുത്തി. ക്ഷേമ പെൻഷനുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എല്ലാവർക്കും വീട് എന്ന് പറയുന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ഇ.എം.എസ്. ഭവനപദ്ധതി അട്ടിമറിച്ചു. വികസനരംഗത്ത് മുരടിപ്പാണ്. വികസനരംഗത്തെക്കുറിച്ച് വലിയ പ്രതീക്ഷകളാണ്. ഈ കഴിഞ്ഞ ബഡ്ജറ്റിലും ബഹുമാനപ്പെട്ട കെ.എം. മാണി സാർ എല്ലാ സ്ഥലങ്ങളിലും വിമാനത്താവളമെന്ന് പറഞ്ഞു. വേണം സർ. കോർപ്പറേറ്റുകൾ വരുന്ന അവസരങ്ങളിൽ അവർക്ക് വിമാനങ്ങൾ വേണ്ടേ? നമ്മളെപ്പോലെ കാറിലോ ബസിലോ സഞ്ചരിക്കാൻ വേണ്ടി അവർക്ക് പറ്റുമോ? അവർക്ക് വളരെ വേഗത്തിൽ അവരുടെ കാര്യങ്ങൾ

നിർവ്വഹിക്കാൻ വേണ്ടി വിമാനങ്ങൾ വേണം. അതുകൊണ്ട് എല്ലാ ജില്ലകളിലും വിമാനത്താവളങ്ങൾ, എയർസ്ട്രിപ്പുകൾ വേണം. അതുപോലെ തന്നെ അതിവേഗ വണ്ടി എന്നത് നല്ല കാര്യമാണ്. ഞങ്ങൾക്ക് കാസർകോട്ടുനിന്ന് മൂന്ന് മണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് എത്താം. പക്ഷേ നമ്മുടെ രാജ്യത്തെ സാധാരണക്കാർ സഞ്ചരിക്കുന്ന റോഡുകളുടെ സ്ഥിതി എന്താണ്? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വലിയ മുരടിപ്പാണ്. എന്റെ ജില്ലയിൽ രണ്ട് മെഡിക്കൽ കോളേജുകൾ എന്നാണ് പറയുന്നത്. ഒന്ന് കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ യൂണിവേഴ്സിറ്റിയുടേതാണ്. അത് നടപ്പിലാക്കുമെന്നാണ് നമ്മുടെ ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് അവിടെ ജാഥ നടത്തിക്കൊണ്ട് പറഞ്ഞത്. ഒരു സംശയവും വേണ്ട, അത് ഈ ജില്ലയിൽ തന്നെയായിരിക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയും അതുപോലുള്ള ആളുകളും ഒന്നും മിണ്ടുന്നില്ല. നിങ്ങൾക്ക് പ്രത്യേകമായിട്ടുള്ള ഒരു മെഡിക്കൽ കോളേജ് എന്ന് അവർ പറഞ്ഞു. അപ്പോൾ കാസർകോട് ജില്ലയ്ക്ക് രണ്ട് മെഡിക്കൽ കോളേജുകൾ. ഇതൊക്കെ നടപ്പിലാകുമോ? എൽ.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള 40000 കോടി രൂപയുടെ വികസന പദ്ധതി എവിടെയാണ്? അതിനെക്കുറിച്ച് എന്തെല്ലാം പരിഹാസമാണ് ശ്രീ. കെ.എം. മാണി പറഞ്ഞത്. ഇത് പ്രാവർത്തികമാക്കാനുള്ള ഒരു മനസ്സോ ഇച്ഛാശക്തിയോ ശ്രീ. കെ.എം. മാണിക്കോ ഈ ഗവൺമെന്റിനോ ഇല്ല. എന്നിട്ടും ഡോ. ടി.എം. തോമസ് ഐസക്കിനേയും എൽ.ഡി.എഫ്.

ഗവൺമെന്റിനേയും കുറ്റപ്പെടുത്തുകയാണ്. അത് നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളെന്തിനാണ് അവിടെ ഇരിക്കുന്നത്, നടപ്പിലാക്കാൻ കഴിയുന്ന ആളുകൾക്ക് വിട്ടുകൊടുക്കുന്നതല്ലേ നല്ലത്. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചു. അതിന്റെ പ്രവർത്തനം ആകെ അവതാളത്തിലാണ്. പ്രാദേശിക വികസനം താറുമാറാക്കി. ജനങ്ങളെ നികുതിയിലൂടെ പിഴിയുന്നു. ബസ്ചാർജ്, വൈദ്യുതി ചാർജ്, വെള്ളക്കരം, പാൽവില എന്നിവ കുത്തനെ ഉയർത്തി. ബഡ്ജറ്റിലൂടെ 1200 കോടി രൂപയുടെ പുതിയ നികുതികളാണ് അടിച്ചേൽപ്പിച്ചത്. സിവിൽ സർവ്വീസിനെ പരിമിതപ്പെടുത്താൻ നീക്കം നടത്തി. തസ്തിക വെട്ടിച്ചുരുക്കൽ, സ്വകാര്യ പങ്കാളിത്തം എല്ലാ മേഖലയിലും വ്യാപിപ്പിക്കൽ, വേതന ഘടന തകർക്കാൻ ആസൂത്രിത ശ്രമം, തസ്തികകൾ തമ്മിലുള്ള ബന്ധവും തുല്യതയും അട്ടിമറിക്കൽ, അതുപോലെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനം- ഈ പദ്ധതി ആഗോള വ്യാപകമാണ്. എല്ലാ രാജ്യങ്ങളിലെയും ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുത്ത സിഡ്നിയിലെ അഖിലലോക സമ്മേളനത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം പങ്കെടുത്തുകൊണ്ട് പറഞ്ഞത്, ഈ പെൻഷൻ ഇങ്ങനെ തുടർന്നാൽ നാട് മുടിഞ്ഞുപോകും, രാജ്യം സാമ്പത്തികമായി തകർന്നുപോകും. അതുകൊണ്ട് പെൻഷൻ പദ്ധതിയെ സംബന്ധിച്ചിടത്തോളം ആലോചിക്കണം. പെൻഷൻ കൊടുക്കാൻ പാടില്ല എന്ന സമീപനമാണ് സിഡ്നി സമ്മേളനത്തിൽ ശ്രീ. പി. ചിദംബരം എടുത്തത്. അത് സാർവ്വ

ലൗകികമായി നടപ്പിലാക്കാൻ ആലോചിക്കുകയാണ്. അതിന്റെ ഭാഗമായി ട്ടാണ് ഇന്ത്യയിലും കേരളത്തിൽ ശ്രീ. കെ.എം. മാണിയും കൂട്ടരും നടപ്പി ലാക്കാൻ ശ്രമിക്കുന്നത്. ലോകത്തിൽ 25 ലക്ഷം കോടി ഡോളർ പെൻഷൻ ഇനത്തിലുണ്ടെന്നാണ് പറയുന്നത്. ഈ 25 ലക്ഷം കോടി ഡോളർ മുതലാളിത്തത്തിന്റെ ക്രൈസിസ് പരിഹരിക്കുന്നതിന് വേണ്ടി വിട്ടുകിട്ടണമെന്നാണ് സാർവ്വദേശീയമായി ചർച്ച ചെയ്തുകൊണ്ടിരിക്കു ന്നത്. ഇവിടെ നിന്ന് പിരിച്ചെടുക്കുന്ന പണം എവിടേയ്ക്കാണ് പോകു ന്നത്. കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കിയാൽ പിരിഞ്ഞു പോകു മ്പോൾ 60% മാത്രമേ കിട്ടുകയുള്ളൂ. ബാക്കി 40% ഈ രാജ്യത്തിലെ കുത്തക മുതലാളിമാർക്ക് കൊള്ളയടിക്കുന്നതിനും ലാഭമുണ്ടാക്കാനും വേണ്ടിയാണ്. അതിൽ നിന്ന് കിട്ടുന്ന ലാഭം കൊണ്ടാണ് പെൻഷൻ കൊടുക്കാൻ പോകുന്നത്. കച്ചവടത്തിൽ പണമിറക്കിയാൽ ലാഭവുമുണ്ടാകും നഷ്ടവുമുണ്ടാകും. നഷ്ടമുണ്ടായാൽ പണമട യ്ക്കുന്ന ജീവനക്കാർക്ക് അത് നഷ്ടപ്പെടും. ഈ രീതിയിലുള്ള പദ്ധതിക ളാണ് നമ്മുടെ രാജ്യത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതു പോലെ തന്നെ സ്ഥലംമാറ്റങ്ങൾക്ക് യാതൊരു മാനദണ്ഡവുമില്ല, അതെല്ലാം കാറ്റിൽപ്പറത്തിയിരിക്കുന്നു. ഭരണനേതൃത്വത്തിന്റെ കീശ വീർപ്പിക്കുന്ന സംവിധാനമാണ് സ്ഥലംമാറ്റവുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കുന്നത്. ഭരണം വർഗ്ഗീയശക്തികളുടെ കീഴിലാണ്. ഇന്ന് ഒരു പത്രം മുഖപ്രസംഗം എഴുതി- കോൺഗ്രസിന്റെ മഹിളാ വിഭാഗം ഔദ്യോഗിക

മായി തയ്യാറാക്കിയ രാഷ്ട്രീയ പ്രമേയം ഞെട്ടിക്കുന്നത് എന്നേ ഇതിനെ വിശേഷിപ്പിക്കാനാവൂ. യു.ഡി.എഫ്. ഭരണത്തിൽ 5 വർഷത്തിനകം മലപ്പുറം മറ്റൊരു പാകിസ്ഥാനാവുമെന്നാണ് മഹിളാകോൺഗ്രസിന്റെ നേതൃത്വ പരിശീലന ക്യാമ്പിന്റെ രാഷ്ട്രീയ പ്രമേയം പറയുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, നമ്മൾക്കൊരു കീഴ്വഴക്കമുണ്ട്. ബില്ലിനുള്ളിൽനിന്ന് സംസാരിക്കണമെന്നാണ് ചട്ടവും അതാണ് നല്ലതും. ബില്ലിനുള്ളിൽനിന്ന് മാത്രമല്ല നിയമസഭയിൽ ആരും സംസാരിക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ശ്രീ. ജോസഫ് വാഴക്കൻ ഇന്നലെ മുഴുവനും കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ രാഷ്ട്രീയമാണ് സംസാരിച്ചത്. ........... (ബഹളം)..............

മി. സ്പീക്കർ : അദ്ദേഹം സ്വയം നിയന്ത്രിക്കും. പക്ഷേ ഫിനാൻസ് ബില്ലിൽ ആരും രാഷ്ട്രീയം സംസാരിക്കില്ല എന്നു പറയരുത്. ഇവിടെ പലപ്പോഴും അതുണ്ടായിട്ടുണ്ട്. ഈ മഹിളാ കോൺഗ്രസിന്റെ പ്രമേയം മാറ്റിവയ്ക്കണം. അത് ധാരാളം ചർച്ച ചെയ്തതാണ്. അങ്ങ് വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, അത് പുതിയ പോയിന്റാണ്. നമ്മുടെ കേരളം വർഗ്ഗീയശക്തികളുടെ പിടിയിലാകുമെന്നാണ് ഞാൻ പറയുന്നത്. അതിനെ സാധൂകരിക്കുന്ന പ്രമേയമാണ്. ഞാൻ വെറുതെ പറയുന്നതല്ല. അല്ലെങ്കിൽ അവർ അതിനെ തള്ളിപ്പറയട്ടെ. മഹിളാ കോൺഗ്രസ് കെ.പി.സി.സി. യുടെ കീഴിലല്ലേ; ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ഇവിടെയുണ്ടല്ലോ? അദ്ദേഹം തള്ളിപ്പറയട്ടെ.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ... ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ വാദങ്ങൾ ബലപ്പെടുത്താൻ വേണ്ടി സഭയ്ക്ക് കേൾക്കാൻ പാടില്ലാത്ത കാര്യങ്ങൾ ഒഴികെയുള്ളവ പറയാമെന്നിരിക്കെ അത് പാടില്ല എന്ന് പറയുന്നത് എന്ത് ഓർഡറിലാണെന്ന് അങ്ങ് വ്യക്തമാക്കണം.

<u>മി. സ്പീക്കർ</u> : ഒരു ഓർഡറുമില്ല. അതിലൊന്നും ഒരു പോയിന്റുമില്ല ഓർഡറുമില്ല. പാടില്ലെന്നല്ല പറഞ്ഞത്. ഓരോന്നിന്റെയും മെിരശേ്യേ അനുസരിച്ച് മാത്രം സംസാരിച്ചാൽ മതിയെന്ന ശാഠ്യം നല്ലതാണ്. അത് ഇവിടെ നടപ്പിൽ വരില്ല. ആ കീഴ്വഴക്കങ്ങളും ചട്ടങ്ങളും എല്ലാവരും ലംഘിച്ചിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട അംഗം അതിനെക്കുറിച്ച് ഇനി സംസാരിക്കില്ല. വെറുതേ അദ്ദേഹത്തെ പ്രകോപിപ്പിക്കരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഇവിടെ പറഞ്ഞത് വസ്തുതാപരമായി ശരിയല്ല. കേരള പ്രദേശ് മഹിളാ കോൺഗ്രസ് കമ്മിറ്റി അങ്ങനെ ഒരു പ്രമേയം പാസ്സാക്കിയിട്ടില്ല. ചില പത്രങ്ങളിൽ എങ്ങനെയോ വന്ന വാർത്തയാണ്. ഞാൻ ഇന്നലെ അവിടെ പങ്കെടുത്ത് പ്രമേയം മുഴുവൻ വായിച്ചു നോക്കിയ ആളാണ്. മലപ്പുറം പാകിസ്ഥാൻ ആകുമെന്നോ, അങ്ങനെയുള്ള യാതൊരു പരാമർശവും ആ പ്രമേയത്തിലില്ല. മാത്രവുമല്ല, കോൺഗ്രസ് ഒരു മതേതരത്വ പാർട്ടിയാണ്. മതേതരത്വത്തിലധിഷ്ഠിതമായ പ്രവർത്തനമാണ് കോൺഗ്രസ് നടത്തുന്നത്. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അങ്ങനെ ഒരു നിലപാടില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എപ്പോഴും മതേതരത്വത്തിന് മുൻതൂക്കം നൽകികൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണെന്നാണ് കോൺഗ്രസിന്റെ

വ്യക്തമായ അഭിപ്രായം. മറിച്ചുള്ള ഒരു അഭിപ്രായവും ശരിയല്ല എന്ന്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്....... (ബഹളം).......

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, മാഫിയാ സംഘങ്ങൾ അഴിഞ്ഞാടുന്നു, സ്വകാര്യ പണമിടപാട് സംഘങ്ങൾ വ്യാപകമായി, പെൺവാണിഭ സംഘങ്ങളും ഗുണ്ടാ സംഘങ്ങളും അരങ്ങ് തകർക്കുന്നു, നിയമവ്യവസ്ഥയെ സർക്കാർ അട്ടിമറിക്കുന്നു, വർഗ്ഗീയ കലാപം-അന്വേഷണ കമ്മീഷനെ പിരിച്ചുവിട്ടു. ഈ ഗവൺമെന്റിന് ഒരു ദിശാ ബോധമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ കാര്യത്തിലും തോന്നിയ രീതിയിലാണ് പ്രവർത്തിക്കുന്നത്. എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എ.കെ. ബാലൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് 7 നിയമങ്ങളാണ് ഇതിന്റെ ഭാഗമായി ഭേദഗതി ചെയ്യുന്നത്. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ടുമായി ബന്ധപ്പെട്ടുകൊണ്ടാണ് ചില കാര്യങ്ങൾ ആദ്യം എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിലേയ്ക്ക് വരുന്നതിന് മുമ്പ് ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ ഒരു പ്രസംഗം കേട്ടിട്ടുണ്ടാകുമെന്ന് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ത്യ

ഇപ്പോൾ സ്വീകരിക്കുന്ന നവഉദാരവൽക്കരണ നയം പോരാ, തീവ്ര ഉദാര വൽക്കരണത്തിലേയ്ക്ക് എത്തിക്കണം എന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. മാത്രമല്ല, ഇതിനെതിരായി ആദ്യമായി ഒരു പ്രതികരണം വന്നത് ബഹുമാനപ്പെട്ട വയലാർ രവിയിൽ നിന്നാണ്. അദ്ദേഹം അതും ശ്രദ്ധിച്ചുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.  തീവ്രതയിലേയ്ക്ക് കടക്കുന്നതിനേക്കാളും മുമ്പ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെന്താണെന്നുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിശോധിച്ചിട്ടുണ്ടാകുമല്ലോ?  2011-12-ൽ സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടത് 8% ആയിരുന്നു. അത് 5.3% ആയി കുറഞ്ഞു. മാന്ദ്യകാലഘട്ടത്തിൽ പോലും ഇന്ത്യാ രാജ്യത്ത് കാണാത്ത രൂപത്തിലുള്ള വളർച്ചയിലുള്ള കുറവ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകും. ഈ കാലയളവിലാണ് രണ്ടര ലക്ഷം കൃഷിക്കാർ ആത്മഹത്യ ചെയ്തത്. അത് പോരാ, അതിനേക്കാളും തീവ്രമാകണം ഇന്ത്യാ രാജ്യത്തിന്റെ നയം എന്ന് ബരാക് ഒബാമ പറഞ്ഞാൽ നമ്മുടെ രാജ്യം എവിടേയ്ക്കാണ് ചെന്നെത്തുക എന്നുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ചിന്തിച്ചിട്ടുണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു.  ഇതിന്റെ ഭാഗമായിട്ടാണ് വില നിയന്ത്രണാധികാരം ഗവൺമെന്റിന് വേണ്ടെന്നു വച്ചത്. വില നിയന്ത്രിക്കാനുള്ള ഗവൺമെന്റിന്റെ അധികാരം ഗവൺമെന്റിന് വേണ്ടെന്നു വയ്ക്കുക, ക്യാബിനറ്റിന് വേണ്ടെന്നു വയ്ക്കുക, പാർലമെന്റിന് വേണ്ടെന്നു വയ്ക്കുക, നിയമസഭയ്ക്ക് വേണ്ടെന്നു വയ്ക്കുക. എന്തിനാണ് ഈ കുന്തത്തിന് വേണ്ടി ഞങ്ങൾ വോട്ട് തരുന്നതെന്ന് സാധാ

രണ ജനങ്ങൾ ചോദിക്കും. നമ്മുടെ രാജ്യത്തിന്റെ പാർലമെന്ററി വ്യവസ്ഥയെ ആരോഗ്യകരമായി മുന്നോട്ടു നയിക്കുന്നതിന് ഈ സമീപനം സഹായകരമല്ല. ഗവൺമെന്റിന് രാജ്യത്തെയും ജനങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ പ്രതികരിക്കാൻ കഴിയണം. ജനങ്ങൾക്ക് സഹായം ചെയ്തു കൊടുക്കുന്നതിന് പകരം വില വർദ്ധിച്ചുകൊള്ളട്ടെ, ഞങ്ങൾ ഇടപെടില്ല എന്നുപറയുന്ന ഒരു ഗവൺമെന്റിനെതിരായി, നമ്മുടെ രാജ്യത്തിന്റെ പാർലമെന്ററി സംവിധാനം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി രംഗത്ത് വരുന്ന ജനമനസുകൾക്കിടയിൽ തെറ്റായ ചിന്തഗതികളിലേയ്ക്കാണ് ഈ ആശയം ചെന്നെത്തുക. നമ്മുടെ രാജ്യത്തിലെ തീവ്രവാദികളും വിഘടനശക്തികളും മാവോവാദികളും ഇതുതന്നെയാണ് പറയുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. അതുകൊണ്ട് കേവലം വിലവർദ്ധനവുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രം നിൽക്കുന്നതല്ല ഇത്. നമ്മുടെ രാജ്യത്തിന്റെ പരമാധികാരത്തേയും പാർലമെന്ററി സിസ്റ്റത്തേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായാണ് ഈ ആഗോളീകരണ സാമ്പത്തിക നയത്തെ ഞങ്ങൾ എതിർക്കുന്നത്. ഇന്ന് നമുക്കെല്ലാം അറിയാം മൂലധനത്തിന്റെ കേന്ദ്രീകരണവും വ്യാപനവും അനായാസമായി നടക്കുകയാണ്. ഇതിനെതിരായി നിൽക്കുന്ന എല്ലാ നിയന്ത്രണങ്ങളെയും തട്ടിമാറ്റാൻ മൂലധന ശക്തികൾക്ക് കഴിയുന്നു. മുതലാളിത്തം എന്നുപറയുന്ന സാമ്രാജ്യത്വത്തിലേയ്ക്ക് കടക്കുന്നതിന്റെ ട്രാൻസിഷൻ സ്റ്റേജിൽ സ്വീകരിക്കുന്ന ഒരു നട

പടിയാണ് ഈ ഉദാരവൽക്കരണനയം. ഇതിനെ ചെറുക്കാൻ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും അദ്ധ്വാനിക്കുന്നവരുടെ കൂട്ടായ്മയ്ക്കും മാത്രമേ കഴിയൂ. ബഹുമാനപ്പെട്ട അങ്ങയുടെ തന്നെ ഒരു തത്വമുണ്ടല്ലോ, അദ്ധ്വാനവർഗ്ഗം. ആ വർഗ്ഗവും ഈ പ്രസ്ഥാനത്തോടൊപ്പം നിൽക്കണം. ആഗോളീകരണത്തിനെതിരായിട്ടുള്ള പോരാട്ടത്തിൽ മുതലാളിത്തം സാമ്രാജ്യത്വത്തിലേയ്ക്ക് കടക്കുന്ന ഘട്ടത്തിൽ, ട്രാൻസിഷൻ സ്റ്റേജിൽ മുതലാളിത്തം സ്വീകരിക്കുന്നതാണ് ഉദാരവൽക്കരണനയം. അത് രാജ്യത്തെ തകർക്കും, പരമാധികാരത്തെ തകർക്കും, സാമ്പത്തികമായ അച്ചടക്കത്തെ തകർക്കും, സൈനികമായ ആക്രമണം ക്ഷണിച്ചുവരുത്തും. അദ്ധ്വാനിക്കുന്നവന്റെ കൂട്ടായ്മ കൊണ്ടുമാത്രമേ നമുക്കിതിനെ ചെറുക്കാൻ കഴിയുകയുള്ളു. അതല്ലാതെ വേറെ വഴിയില്ല. അദ്ധ്വാനവർഗ്ഗമെന്ന രൂപത്തിൽ താങ്കൾ കാണുന്നത് ഇതുതന്നെയായിരിക്കും. താങ്കൾ കാണുന്നതിനെക്കാൾ മുമ്പെ 1848-ൽ മഹാനായ മാർക്സും ഏംഗൽസും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയ്ക്ക് രൂപം കൊടുക്കുന്ന സമയത്ത് ഈ കാര്യം പറഞ്ഞു. മൂലധന ശക്തികൾക്കെതിരായി ജനങ്ങൾക്ക് വിശ്വസിക്കാൻ പറ്റുന്ന ഒരേ ഒരു വർഗ്ഗം, കമ്മ്യൂണിസ്റ്റുപാർട്ടിയാണ്, തൊഴിലാളി വർഗ്ഗം. ആ വർഗ്ഗം കൊണ്ടുമാത്രമേ ഇതിനെ നമുക്ക് ചെറുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പൊതുപ്രവർത്തനം എന്നത് വിശ്രമവേളയിലെ ഒരു വിനോദ പ്രവൃത്തിയായി ഞങ്ങൾ കാണുന്നില്ല. ഞങ്ങൾ ഇന്ത്യാരാജ്യത്തിലെ അദ്ധ്വാനിക്കുന്നവരെയും പാവപ്പെട്ടവനെയും പട്ടിണിക്കാര

നെയും അധ:സ്ഥിത വർഗ്ഗത്തെയുമെല്ലാം ഞങ്ങൾ സംഘടിപ്പിക്കുന്നത് ഈ കാഴ്ചപ്പാടോടുകൂടിയാണ്. അത് ഇന്നല്ലെങ്കിൽ നാളെ വിജയിക്കു മെന്ന പരിപൂർണ്ണമായ വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ പശ്ചാത്തലത്തി ലാണ് ബഹുമാനപ്പെട്ട അങ്ങ് ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് ചില കാര്യങ്ങൾ സൂചിപ്പിക്കുവാനുള്ളത്. ബഹുമാനപ്പെട്ട അങ്ങ് ഒരു കാര്യം കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി സൂചിപ്പിച്ചു. മൂല്യവർദ്ധനവുമായി ബന്ധപ്പെട്ടുകൊണ്ട് നികുതി നിരക്ക് നാലു ശതമാനം അഞ്ചു ശതമാനമാക്കി. ചിലതിന് പന്ത്രണ്ടര ശതമാനം എന്നത് പതിമൂന്നര ശതമാനമാക്കുകയും ചിലതിന് അഞ്ച് ശതമാനത്തിൽ നിന്ന് നാല് ശതമാനത്തിലേക്ക് താഴ്ത്തികൊണ്ടുവരികയും ചെയ്തു. അന്ന് ഈ സഭയ്ക്ക് ബഹുമാനപ്പെട്ട അങ്ങ് നൽകിയിട്ടുള്ള ഒരു മുന്നറിയി പ്പുണ്ട്. 'ഈ വർദ്ധനവ് സാമാന്യ ജനത്തിന് ഒരിക്കലും ബാധിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതിനാൽ ഉഴുന്ന്, വൻപയർ, ചെറുപയർ, മറ്റു പയർവർഗ്ഗങ്ങൾ, കടല, മുളക്, മല്ലി, ഭക്ഷ്യ എണ്ണ, ധാന്യപ്പൊടികൾ, മൈദ, സൂചി തുടങ്ങിയവയുടെ നികുതി നിരക്ക് നിലവിലുള്ള നാല് ശതമാന ത്തിൽ നിന്ന് ഒരു ശതമാനമായി കുറയ്ക്കുന്നു, അരിയുടെയും മറ്റ് അവ ശ്യ ഭക്ഷ്യവസ്തുക്കളുടെ നികുതിനിരക്കുമായി ഏകീകരിക്കുന്നു. കൂടാതെ നിലവിൽ വാറ്റ് നികുതിയുടെ മുകളിൽ ചുമത്തുന്ന ഒരു ശത മാനം സാമൂഹ്യ സുരക്ഷാസെസ്സ് ഒഴിവാക്കും, ഈ നടപടികൾമൂലം മുമ്പി ല്ലാത്ത ഒരു ആശ്വാസം സാമാന്യജനങ്ങൾക്ക് പകർന്നുകൊടുക്കാൻ കഴി

ഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്, ഇതുമൂലം അധികവരുമാനം ആയിരം കോടി രൂപയാണെന്ന്' അങ്ങ് പറഞ്ഞു. ഇത് പറഞ്ഞതിനു ശേഷം അഞ്ചു ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി കുറച്ച വസ്തു ക്കളെ സംബന്ധിച്ച് ഞാൻ പറയാം. വർദ്ധിപ്പിച്ചതിനെ സംബന്ധിച്ച് പിന്നീട് പറയാം. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിക്കാൻ പാടില്ല എന്നു പറഞ്ഞുകൊണ്ട് അഞ്ചു ശതമാനത്തിൽനിന്ന് ഒരു ശതമാന ത്തിലേയ്ക്ക് കുറച്ചതിന്റെ ഭാഗമായി എന്താണ് ഉണ്ടായത്? ഞാൻ കൺസ്യൂമർ ഫെഡ്ഡിനെ സംബന്ധിച്ച് പറയാം. പൊതുമാർക്കറ്റിനെക്കു റിച്ച് ഇപ്പോൾ പറയുന്നില്ല. ഇടതുപക്ഷം ഭരിക്കുമ്പോൾ കൺസ്യൂമർഫെ ഡ്ഡിൽ ഒരു കിലോ അരി 14 രൂപയ്ക്കാണ് കൊടുത്തത്. ഇപ്പോൾ 21 രൂപ യായി. അന്ന് 12 രൂപയായിരുന്ന കുറുവ അരിക്ക് ഇന്ന് 19 രൂപയായി. കുത്തരി അന്ന് 13 രൂപ ആയിരുന്നത് ഇന്ന് 16 രൂപയായി, പച്ചരി പതിമൂ ന്നര രൂപയായിരുന്നത് ഇന്ന് 16 രൂപയായി. പഞ്ചസാര, ഉഴുന്ന്, തുവരപ രിപ്പ്, കടല, ചെറുപയർ, വൻപയർ എല്ലാത്തിനും വില വർദ്ധിച്ചു. മുള കിന് 40 രൂപയായിരുന്നത് 45 രൂപയായി. മല്ലിക്ക് 35 രൂപ ആയിരുന്നത് 46 രൂപയായി. ഞാൻ ചോദിക്കട്ടെ, വാറ്റ് നികുതി നാല് ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറയ്ക്കുന്ന അവസരത്തിൽ യഥാർത്ഥത്തിൽ അങ്ങ് വില കുറയുമെന്നല്ലേ പ്രതീക്ഷിച്ചത്? വില കുറഞ്ഞോ? നാല് ശത മാനത്തിൽനിന്ന് ഒരു ശതമാനത്തിലേയ്ക്ക് കുറയ്ക്കുന്ന സമയത്ത് വില കുറഞ്ഞില്ല. നാല് ശതമാനം അഞ്ചു ശതമാനമാക്കി വർദ്ധിപ്പിച്ചു. പന്ത്ര

ണ്ടര ശതമാനം പതിമൂന്നര ശതമാനമാക്കി വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി നാല് ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി കുറച്ച കാര്യങ്ങൾക്കെല്ലാം പിന്നീട് വില വർദ്ധിച്ചു. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളൊന്നും നമുക്ക് യാഥാർത്ഥ്യമായി കാണാൻ കഴിഞ്ഞില്ല. കേരളത്തിലെ പത്രങ്ങളെല്ലാം പറയുന്ന കാര്യം, വില കുതിക്കുന്നു, ജീവിതം ദുരിതത്തിൽ, ഗാർഹികേതര ആവശ്യത്തിനുള്ള ഗ്യാസിന് 236.11 രൂപ കൂടി. ഹോട്ടലിലെ ഭക്ഷണ സാധനങ്ങൾക്ക് വിലകൂടും. ജീവൻരക്ഷാ മരുന്നുകളുടെ വില കൂടും. സിമന്റിന് വില കൂടും, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള എല്ലാത്തിനും വില കൂടും. ഇത് ദേശാഭിമാനിയിലുള്ള വാർത്തയാണ്. കേരള കൗമുദിയിൽ പറയുന്നു, വില കുതിച്ചുയരുന്നു റോക്കറ്റ് പോലെ. മാധ്യമത്തിൽ പറയുന്നു, ഹോട്ടൽ ഭക്ഷണം പൊള്ളുന്നു. അതിന്റെ വിദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. മാതൃഭൂമി- വിലക്കയറ്റത്തിനിടെ വീണ്ടും ഇരുട്ടടി, പെട്രോളിയം ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറഞ്ഞത്. മാതൃഭൂമി വീണ്ടും പറയുന്നു, ഭക്ഷ്യവസ്തുക്കൾക്ക് ഒരുവർഷംകൊണ്ട് വില കയറിയത് 3 മുതൽ 144 ശതമാനംവരെയാണ്. ഏറ്റവും നല്ലൊരു മുഖപ്രസംഗം മലയാള മനോരമയിലുണ്ട്. അതിന്റെ ഹെഡ്ഡിംഗ്- അടുക്കളകൾ കരയുമ്പോൾ, ബഹുമാനപ്പെട്ട മാണിസാറിന്റെ ഭരണത്തിൻകീഴിൽ ഇതുപോലെ അടുക്കളകൾ കരഞ്ഞ ഒരു കാലഘട്ടം ഈ കേരളത്തിലില്ല എന്ന് മലയാള മനോരമ വസ്തുതകൾ വച്ചുകൊണ്ട് മുഖപ്രസംഗം എഴുതി. ഞാൻ ആദ്യം

ദേശാഭിമാനി എന്നുപറഞ്ഞപ്പോൾ നിങ്ങൾ പരിഹസിച്ചു. മലയാള മനോരമ എന്നുപറഞ്ഞപ്പോൾ ഒന്നും പറയുന്നില്ലല്ലോ; ഇതാണ് നമ്മുടെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ കാര്യം. സാധാരണക്കാർക്ക് ഈ വിലവർദ്ധനവ് താങ്ങാൻ പറ്റുന്നില്ല. മറ്റൊന്ന്, പന്ത്രണ്ടര ശതമാനം പതിമൂന്നര ശതമാനം ആക്കിയല്ലോ അതിന്റെ ഭാഗമായി എന്താണ് ഉണ്ടായത്? ഒരു കിലോ കമ്പിയുടെ വില 42 രൂപയിൽ നിന്ന് 58 രൂപയായി വർദ്ധിച്ചു. യഥാർത്ഥത്തിൽ ഒരു ശതമാനം വർദ്ധിച്ചാൽ 42 പൈസ മാത്രമേ വർദ്ധിക്കാൻ പാടുള്ളു. 42 രൂപയ്ക്ക് പുറമേ 16 രൂപ വർദ്ധിച്ചു. മെറ്റലിന് ഒരു ക്യൂബിക് ഫീറ്റിന് 2500 രൂപയിൽ നിന്ന് 2800 രൂപയായി കൂടി. 300 രൂപ വർദ്ധിച്ചു. യഥാർത്ഥത്തിൽ ഒരു ശതമാനം വർദ്ധിച്ചാൽ 25 രൂപയാണ് വർദ്ധിക്കേണ്ടത്. വൻകിട കച്ചവടക്കാരും യു.ഡി.എഫും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടുമൂലം ഈ വർദ്ധനവുകൊണ്ട് എന്തുണ്ടായി? യഥാർത്ഥത്തിൽ മിനിമം പത്ത് ശതമാനം വർദ്ധിച്ചു. 9 ശതമാനം ഈ കച്ചവടക്കാർ കൊണ്ടുപോയി. ഒരു ശതമാനം ഗവൺമെന്റിനും കിട്ടി. ഇതല്ലേ ഉണ്ടായത്; ഹോട്ടലിലെ ഭക്ഷണത്തിന്റെ സ്ഥിതിയെന്താണ്? നമ്മുടെ കോഫിഹൗസിൽ ഒരു വർഷംമുമ്പ് 55 രൂപയ്ക്ക് കൊടുക്കുന്ന ഭക്ഷണത്തിന് ഇപ്പോൾ 83 രൂപ കൊടുക്കണം. ഭക്ഷ്യസാധനങ്ങൾക്കൊന്നും താങ്ങാൻ പറ്റാത്ത രൂപത്തിലുള്ള വില വർദ്ധിച്ചു. ഗ്യാസിന് 350 രൂപ ആയിരുന്നത് 900 രൂപയായി. ചുരുക്ക

ത്തിൽ കേരളത്തിലെ പശ്ചാത്തലമേഖലകൾ തകർന്നു. തൊഴിലില്ലായ്മ കൂടി. വിലവർദ്ധനവ് തടയാൻ കഴയുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ.......

ശ്രീ. എ.കെ. ബാലൻ : ശ്രീ. പി.സി. ജോർജ്, മെമ്പർക്ക് സൈ്വര്യം കൊടുക്കൂ. ഇതൊന്ന് പറഞ്ഞോട്ടേ. ചുരുക്കത്തിൽ കേരളത്തിന്റെ പശ്ചാത്തല മേഖല അങ്ങയുടെ ഈ നയത്തിന്റെ ഭാഗമായി തകർന്നു. തൊഴിലില്ലായ്മ കൂടി, വിലക്കയറ്റം വർദ്ധിച്ചു. ആഗോളീകരണ കാലഘട്ടത്തിലെ മാന്ദ്യത്തെ അതിജീവിക്കാൻ ഞങ്ങൾ ചെയ്തത് എന്താണ്; കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തത് എന്താണ്? ഒരു ബദൽനയം ഉയർത്തിപ്പിടിച്ചുകൊണ്ട് പശ്ചാത്തല വികസനം ശക്തിപ്പെടുത്തി. തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചു, മാർക്കറ്റ് സജീവമാക്കിയതിലൂടെ ഉൽപ്പാദനം വർദ്ധിച്ചു. ഈ രൂപത്തിലുള്ള ഒരു സമീപനമാണോ അങ്ങ് സ്വീകരിക്കുന്നത്? ആഗോളീകരണ കാലഘട്ടത്തെ അതിജീവിക്കാൻവേണ്ടി ഞങ്ങൾ രൂപംകൊടുത്ത ഒരു ബദൽനയം, അതുകൊണ്ടുമാത്രമാണ് 2006 മുതൽ 2011 വരെയുള്ള കേരളത്തിലെ ഗവൺമെന്റിനെ ഇന്ത്യാ രാജ്യത്തെ നമ്പർ വൺ മാതൃകാ ഗവൺമെന്റാക്കി ഞങ്ങൾ മാറ്റിയത്. 2001 മുതൽ 2006 വരെ നിങ്ങൾ ഭരിച്ചല്ലോ? കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു? ഞാനത് വിശദീകരിക്കേണ്ടതില്ലല്ലോ; കേരളത്തിന്റെ സർവ്വമേഖലയും നിങ്ങൾ തളർത്തിയതല്ലേ? ആദ്യം നിങ്ങൾ ജീവനക്കാരെ വെല്ലുവിളിച്ചു. അവ

രുടെ എല്ലാ ആനുകൂല്യങ്ങളും നിങ്ങൾ തട്ടിമാറ്റി. യുവാക്കളുടെ ആവശ്യങ്ങൾ നിങ്ങൾ കേട്ടില്ല. പിന്നീട് വിദ്യാർത്ഥികളുടെ പ്രശ്നം വന്നു, ആദിവാസികളുടെ പ്രശ്നം വന്നു. കേരളത്തിലെ ജനലക്ഷങ്ങൾ, ആ ഗവൺമെന്റിനെതിരായി നടത്തിയ, നയത്തിനെതിരായി നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന്റെ ഉൽപ്പന്നമായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ആ അനുഭവം വച്ചുകൊണ്ടാണ് ഞങ്ങൾ ഒരു ബദൽനയം ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തെ രക്ഷിച്ചത്. അതിന്റെ ഭാഗമായാണ് പശ്ചാത്തലമേഖലാ വികസനവുമായി ബന്ധപ്പെട്ടു കൊണ്ട് വിഴിഞ്ഞം പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചിൻ മെട്രോ, മോണോ റെയിൽ, കണ്ണൂർ വിമാനത്താവളം, ഹൈ സ്പീഡ് കോറിഡോർ എന്നീ പദ്ധതികൾക്കെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് രൂപം കൊടുത്തതും പ്രവർത്തനം ശക്തിപ്പെടുത്തിയതും. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പശ്ചാത്തല മേഖലാ വികസനവുമായി ബന്ധപ്പെട്ട ഈ പദ്ധതികളിൽ ഏതെങ്കിലും ഒരു മേഖലയെ സംബന്ധിച്ച് അഭിനന്ദി ക്കാൻ പറ്റാവുന്ന രൂപത്തിൽ നിങ്ങൾക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴി ഞ്ഞിട്ടുണ്ടോ? കേരളത്തിന്റെ പശ്ചാത്തല മേഖലാ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ് റോഡുകൾ. നമുക്ക് ആവശ്യത്തിന് ഫണ്ടില്ല. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഡോ. ടി.എം തോമസ് ഐസക് 40000 കോടിരൂപയുടെ ഒരു റോഡ് വികസന പദ്ധതിക്ക് രൂപംകൊടുത്തു. ആ പണം നമ്മുടെ ബഡ്ജറ്റിൽ ഇല്ലായെന്നു

ള്ളതുകൊണ്ടുതന്നെ വെഹിക്കിൾ ടാക്സ് ആക്ട് ഭേദഗതി വരുത്താനും സഹകരണ ബാങ്കുകൾവഴി സ്വരൂപിക്കാനും അൾബറാക് ബാങ്കിംഗ് സിസ്റ്റംവഴി പണം സ്വരൂപിച്ചുകൊണ്ടും, ബാക്കിപ്പണം കടമെടുത്തു കൊണ്ടും 40000 കോടി രൂപയുടെ ഒരു റോഡ് വികസന പദ്ധതിക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രൂപം കൊടുത്തത്. ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് നടപ്പിലാക്കാൻ പറ്റില്ലെന്ന് ബഹുമാന പ്പെട്ട അങ്ങ് പറഞ്ഞു. ബഡ്ജറ്റിൽ എങ്ങനെയാണ് പണമുണ്ടാക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ഒരു ബദൽ നയം ഉയർത്തിപ്പിടിച്ചുകൊണ്ട് ആ മേഖലയിൽ, കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ യാത്രാ സൗകര്യവുമായി ബന്ധപ്പെട്ട്, ഗതാഗത മേഖലയിൽ നമ്മുടെ കയ്യിൽ ആവശ്യത്തിന് പണമില്ലെങ്കിൽപ്പോലും, നമുക്ക് പണം ഉണ്ടാക്കാൻ കഴിയുമെന്ന് തെളിയിച്ചുകൊടുത്തു. ബഹുമാനപ്പെട്ട അങ്ങ് അതംഗീകരി ച്ചില്ല. അത് പൊളിച്ചു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ലേബർ ഇന്റൻസീവ് മേഖലയാണ് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രാമപ്രദേശങ്ങൾ. ലേബർ ഇന്റൻസീവ് മേഖല എന്നുള്ള നിലയിൽ ഇട തുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉത്പാദനമേഖലയിൽ നല്ല പ്രാധാന്യം കൊടുത്തു. സേവന മേഖലയും ഉത്പാദനമേഖലയും കൂടി 55 ശതമാനമാക്കി. സ്വാഭാവികമായും നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ തൊഴി ലില്ലായ്മ വർദ്ധിപ്പിക്കുന്നതിനാണ് ഇത് സഹായിക്കുക. കേരളത്തിന്റെ പശ്ചാത്തല വികസന മേഖല വളരെ പ്രധാനപ്പെട്ടതല്ലേ? വൈദ്യുതി മേഖ

ല. ഇലക്ട്രിസിറ്റി ബോർഡ് എത്ര രൂപയ്ക്കാണോ വൈദ്യുതി വാങ്ങുന്നത് അത്രയും രൂപയ്ക്ക് വില്ക്കാൻ നിർബന്ധിക്കപ്പെടും. സ്വാഭാവികമായും ഇത് താങ്ങാൻ ഉപഭോക്താക്കൾക്ക് സാധിക്കുകയില്ല. അതുകൊണ്ട് ഗവൺമെന്റ് സബ്സിഡി കൊടുക്കണം. ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ് ഈ സെഷൻ കഴിഞ്ഞാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ വർദ്ധിപ്പിക്കാൻ പോവുകയല്ലേ, എത്ര വ്യവസായ സ്ഥാപനങ്ങളായി രിക്കും അടച്ചുപൂട്ടുന്നത്? കേരളം വ്യവസായത്തിന്റെ ശവപ്പറമ്പായിത്തീ രാൻ പോകുകയാണ്. ബഹുമാനപ്പെട്ട അങ്ങയുടെ വകുപ്പിനെ ഉപയോഗ പ്പെടുത്തിക്കൊണ്ട് പത്ത് പൈസയുടെ സാമ്പത്തിക സഹായം.... കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കാർഷിക രംഗത്തും ഗാർഹിക ഉപഭോ ക്താക്കൾക്കും വലിയ സഹായം ചെയ്യുന്നുണ്ട്. ആ സഹായം ഇനിയും തുടർന്നുപോകാൻ സാധിക്കണമെങ്കിൽ ബഹുമാനപ്പെട്ട അങ്ങയുടെ സഹായം വേണം. ആ സഹായം ഉണ്ടോ? ഇനി ഒരു യൂണിറ്റിന് ഒരു രൂപ വർദ്ധിപ്പിച്ചാൽ, ഇപ്പോൾ സെഷൻ ഉള്ളതുകൊണ്ടാണ് ഗവൺമെന്റ് വർദ്ധിപ്പിക്കാത്തത്. യാതൊരു സംശയവും വേണ്ട ഈ സെഷൻ കഴി ഞ്ഞാൽ ഉടൻ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കും. എല്ലാ വ്യവസായ സ്ഥാപ നങ്ങളും നശിക്കും. ഒന്നും ഉണ്ടാവില്ല. ഈ നയമാണ് ബഹുമാനപ്പെട്ട അങ്ങ് ഇപ്പോൾ തുടരുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷം ഭരിച്ചല്ലോ, ഞങ്ങൾ പത്തുപൈസ ടാക്സ് കൂട്ടിയോ? ടാക്സ് കൂട്ടാതെതന്നെ വരുമാനം അതിശക്തമായി

ഞങ്ങൾ സ്വരൂപിച്ചു. 27 ശതമാനം വർദ്ധിപ്പിച്ചു. ഞങ്ങളുടെ ഗവൺമെന്റ് പോകുന്ന സമയത്ത് ഖജനാവിൽ 2000 കോടി രൂപ മിച്ചമുണ്ടായിരുന്നു. ഞങ്ങൾ വരുന്ന സമയത്ത് ഖജനാവിന്റെ സ്ഥിതി എന്തായിരുന്നു? ബഹുമാനപ്പെട്ട അങ്ങ് ഏല്പ്പിച്ചുതന്നതല്ലേ; തുപ്പൽകൂട്ടി തുടച്ചാൽ ആ ഖജനാവിൽ പത്തുപൈസ ഉണ്ടായിരുന്നോ? കംപ്ലീറ്റ് കാലിയായിരുന്നില്ലേ? എല്ലാ ആനുകൂല്യങ്ങളും ഞങ്ങൾ വർദ്ധിപ്പിച്ചു. ശമ്പള പരിഷ്കരണം ഞങ്ങൾ നടപ്പിലാക്കി. വികസന പ്രവർത്തനങ്ങൾക്ക് ഒരു തടസ്സവും നിന്നില്ല. ക്ഷേമ പദ്ധതികളെല്ലാം ശക്തമായി മുന്നോട്ടുകൊണ്ടുപോയി. 110 രൂപ ആയിരുന്നത് 400 രൂപയാക്കി വർദ്ധിപ്പിച്ചതിനുശേഷമാണ് ഞങ്ങൾ പോയത്. ഖജനാവ് സർപ്ലസായി. അതിനെയാണ് ഇപ്പോൾ നിങ്ങൾ ഈ രൂപത്തിൽ എത്തിച്ചത്. പണം കയ്യിലില്ല. അതുകൊണ്ട് ഓരോ വർഷവും പെൻഷൻ പ്രായം ഓരോ കൊല്ലം വീതം നീട്ടിക്കൊടുക്കുകയല്ലേ; ഇപ്പോൾ 56 വയാസ്, അത് 57 ആക്കുക, പിന്നെ 58 ആക്കുക അപ്പോഴൊക്കെ 2000 കോടി. വീണ്ടും ഒരുകൊല്ലംകൂടി വർദ്ധിപ്പിക്കുക, അങ്ങനെ 2000 കോടി. അതല്ലേ സാറിന്റെ തലയിൽ ഇപ്പോഴുള്ളത്? കേരളത്തിലെ 45 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചിന്തിച്ചിട്ടുണ്ടോ? ഒരു നിമിഷം അവരെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ഒരു ബദൽ നയം, ഞങ്ങളുടെ ഒരു നയം

ഉയർത്തിപ്പിടിച്ചുകൊണ്ട് ഭരിക്കാൻ ബഹുമാപ്പെട്ട അങ്ങേയ്ക്ക് കഴിഞ്ഞാൽ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും. അവിടെ നില്ക്കണമെന്നില്ല. അവിടെ നിന്നുകൊണ്ട് ഇത് ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ നയം സ്വീകരിക്കാൻ ബഹുമാനപ്പെട്ട അങ്ങ് തയ്യാറുണ്ടോ? എന്നാൽ കേരളത്തെ നമുക്ക് രക്ഷപ്പെടുത്താൻ കഴിയും. ബദൽ നയമാണ് പ്രശ്നം. ഈ നയം വച്ച് കേരളത്തെ രക്ഷിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ഒരുകാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്, യഥാർത്ഥത്തിൽ കേരളത്തിന്റെ ഭൂപരിഷ്കരണം അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട അങ്ങ് നടത്തുന്നത്. ഞാൻ അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി പാവപ്പെട്ടവന് കുടികിടപ്പ് കിട്ടി. കൃഷിക്കാരന് കൃഷിഭൂമി ലഭിച്ചു. പക്ഷേ ഏറ്റവും വലുത് ആദിവാസികളുടെ പ്രശ്നമായിരുന്നു. വനപ്രദേശങ്ങൾ കുറെ പ്ലന്റേഷൻ ഉടമകൾ കൊണ്ടുപോയി. ബാക്കി ഫോറസ്റ്റുകാരും കൊണ്ടുപോയി. ആ പാവങ്ങൾക്ക് ഒന്നുമില്ല. ഇപ്പോൾ എന്തുണ്ടായി? പ്രമാണിമാരുടെ കൈവശമുള്ള തോട്ടങ്ങൾ അനധികൃതമായി കൈവശം വയ്ക്കുന്നതിന്, ഇങ്ങനെ അനധികൃതമായി കൈവശം വച്ചവർക്ക് നിയമത്തിന്റെ സാധുത്വം നല്കുന്നതിനുവേണ്ടി അങ്ങെയുടെ ഗവൺമെന്റിലെ ചില ആൾക്കാർ ശ്രമിക്കുന്നില്ലേ? 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഞാൻ പ്രവർത്തിക്കുന്നത് എന്നുപറഞ്ഞ ഒരു മന്ത്രിയുടെ അച്ഛനേയും അമ്മയേയും പറയാൻ

എങ്ങനെ ഭരണകക്ഷിയിലെ ഒരു എം.എൽ.എ-യ്ക്ക് നാവു പൊങ്ങി? നെൽവയലുകൾ ഇല്ലാതാക്കുന്നു, ഞാൻ ചോദിക്കട്ടെ ഈ പാവപ്പെട്ട ജന ങ്ങളെ റീഹാബിലിറ്റേറ്റ് ചെയ്യാൻ എന്ത് നടപടിയാണ് സാറിന്റെ കയ്യിലു ള്ളത്? പത്ത് പൈസയുണ്ടോ? ഇപ്പോൾ ഒരു മെഡിക്കൽ കോളേജ് പട്ടി കജാതി വകുപ്പിന്റെ കീഴിൽ കൊടുക്കുമെന്ന് പറയുന്നു. എസ്.സി.പി ഫണ്ടല്ലേ ഉപയോഗിക്കുന്നത്? അത് മിശ്രവിവാഹിതർക്കുള്ളതും, ലംപ്സം ഗ്രാൻിനുള്ളതും, സ്റ്റൈപ്പന്റ് ഇനത്തിലും മറ്റും കൊടുക്കേണ്ട എസ്.സി.പി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു മെഡിക്കൽ കോളേജ് അല്ലേ നല്കുന്നത്? മെഡിക്കൽ കോളേജ് വരുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. ധനകാര്യ വകുപ്പ് എന്തെങ്കിലും സഹായിക്കു മോ? ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി 25000 രൂപയുടെ കടം എഴുതിത്തള്ളുന്നതിനുപകരം 50000 രൂപ എഴിത്തള്ളുമെന്ന് പറഞ്ഞു. ബഡ്ജറ്റിൽ തുകയില്ലാതെ എങ്ങനെയാണ് ഈ പ്രഖ്യാപനം നടത്താൻ കഴിയുന്നത്? ഞങ്ങളുടെ കാലഘട്ടത്തിൽ ആദിവാസികൾക്കുവേണ്ടി ഞങ്ങൾ രൂപംകൊടുത്ത സമഗ്ര ആരോഗ്യ പദ്ധതിയെ നിങ്ങൾ പൊളി ച്ചില്ലേ; അത് ഇപ്പോഴുണ്ടോ? ഇപ്പോൾ കോൺട്രാക്ടർമാർക്ക് എത്ര തുക ബാക്കികൊടുക്കാനുണ്ട്; എവിടെ നിന്നാണ് ഈ പണമൊക്കെ ഉണ്ടാ ക്കാൻ പോകുന്നത്? ഈ രാജ്യത്തിലെ ജനങ്ങളെ പിഴിഞ്ഞുകൊണ്ടാ ണോ? ഒരു കാര്യം ബഹുമാനപ്പെട്ട അങ്ങ് മനസ്സിലാക്കണം, പശ്ചാത്തല മേഖല വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് സ്വീകരിക്കുന്ന സമീപ

നത്തിന് ബദലായി മറ്റൊരു സമീപനം സ്വീകരിക്കാതെ, കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ഡോ. ടി.എം. തോമസ് ഐസക് ചൂണ്ടിക്കാണിച്ച മാർഗ്ഗം സ്വീകരിക്കാതെ കേരളത്തിലെ തൊഴിലില്ലായ്മയും വിലക്കയറ്റവും കേരളത്തിന്റെ പശ്ചാത്തല മേഖലാ വികസനവും ശക്തിപ്പെടുത്താൻ സാറിന് കഴിയുകയില്ല. ഇപ്പോൾ 1500 കോടി രൂപയുടെ അധിക നികുതിയാണ് ബഹുമാനപ്പെട്ട അങ്ങ് കാണുന്നത്. അതിൽ 1000 കോടി രൂപയും വാറ്റുമായി ബന്ധപ്പെട്ടുകൊണ്ടാണ്. 1000 കോടി രൂപ വാറ്റിൽ നിന്ന് സ്വരൂപിക്കുന്ന അവസരത്തിൽ സാർ ഇപ്പോൾ വിചാരിക്കുന്നതിന്റെ ഇരട്ടിക്കിരട്ടി ബാദ്ധ്യതയാണ് ഉണ്ടാകാൻ പോകുന്നത്. കേന്ദ്രഗവൺമെന്റ് അധിക നികുതി വർദ്ധിപ്പിക്കുകയാണ്. ആ ബാദ്ധ്യത കൂടി വരും. അതു കൂടി വന്നുകഴിഞ്ഞാൽ താങ്ങാൻ പറ്റാത്ത വിധത്തിലുള്ള .........

മി. ചെയർമാൻ: യെസ്........

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് സമയം എത്രയാണെന്ന് ചോദിച്ചിരുന്നു. സമയം തന്നിരുന്നുവെങ്കിൽ ആ സമയത്തിനുള്ളിൽ നിന്നുകൊണ്ട് തീർക്കുമായിരുന്നു. എനിക്കിനി എത്ര സമയം തരും?

മി. ചെയർമാൻ: സമയപരിധിയില്ല. ഇനി എത്ര സമയമാണ് വേണ്ടത്?

ശ്രീ. എ.കെ. ബാലൻ: സർ, എനിക്ക് അധികസമയം വേണ്ട. മൂന്നോ നാലോ മിനിട്ടുകൊണ്ട് തീർക്കാം. ഇങ്ങനെ ഒബീഡിയന്റായ ഒരു

മെമ്പറേയും ബഹുമാനപ്പെട്ട ചെയറിന് കാണാൻ സാധിക്കില്ല. അങ്ങ് എത്ര സമയം അനുവദിക്കുന്നോ ആ സമയത്തിനുള്ളിൽ നിന്നുകൊണ്ട് ഞാൻ നിറുത്താം. ജനങ്ങളിൽനിന്നും പരിപൂർണ്ണമായും ഈ ഗവൺമെന്റ് ഒറ്റപ്പെട്ടു. തികച്ചും ജനദ്രോഹപരമായ നടപടികളുമായി പ്പോകുന്ന ഈ ഗവൺമെന്റിന്റെ പിന്നിൽ ജനങ്ങളില്ല എന്നുള്ളത് സത്യമാണ്. അപ്പോൾ ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ടുള്ള പ്രശ്നം ഇവർക്ക് അനുഗ്രഹമായി വന്നു. ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 400 കൊലപാതകങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. 24 വയസ്സുള്ള എസ്.എഫ്.ഐ.-യുടെ ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ് അനീഷ് രാജ് തുടങ്ങി 54 വയസ്സുള്ള ചന്ദ്രശേഖരൻ വരെ ഇതിൽപ്പെടും. ഇതിൽ മിക്ക കൊലപാതകങ്ങളും മനസ്സാക്ഷിയെ ഞെട്ടിപ്പിച്ചതാണ്. പൊതുസമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയാത്തതാണ്. എന്നാൽ ഒരു കൊലപാതകത്തെ മാത്രം നിങ്ങൾ രാഷ്ട്രീയ ദുഷ്ടലാക്കിനുവേണ്ടി ഉപയോഗിച്ചു. ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഈ ഗവൺമെന്റ് ആടിയുലയുമ്പോൾ വീണുകിട്ടിയ ഒരു അനുഗ്രഹമെന്ന നിലയിലാണ് നിങ്ങൾ ഇതിനെ കണ്ടത്. അതുകൊണ്ട് ഞങ്ങൾക്ക് പ്രശ്നമില്ല. പക്ഷേ ഒരു പാർട്ടിയെ, ഒരു പ്രസ്ഥാനത്തെ കേരളീയ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുന്നതിനും ആ പാർട്ടിയെ ജനങ്ങളുടെ മുമ്പിൽ അവിശ്വാസത്തിന്റെ കുന്തമുനയിലേക്ക് നിർത്തുന്നതിനും നിങ്ങൾ ശ്രമിച്ചു. ഞങ്ങൾക്കൊരു പ്രശ്നവുമില്ല. ഈ കൊലപാതകവുമായി ബന്ധപ്പെട്ടു

കൊണ്ട് നിയമം നിയമത്തിന്റെ വഴിയിൽ തന്നെ പോകട്ടെ, കുറ്റവാളികളെ കണ്ടുപിടിക്കട്ടെ. ഞങ്ങൾ ആ നിലപാടാണ് എടുത്തത്. ഇപ്പോൾ എവിടേയ്ക്കാണ് നിങ്ങൾ എത്തുന്നത്? നിങ്ങളുടെ അജണ്ടയിൽ ഇന്ന ആളെ പിടിക്കണം. അതിനനുസരിച്ചുള്ള അജണ്ടയിലല്ലേ നിങ്ങൾ നിൽക്കുന്നത്? എന്തെങ്കിലും തെളിവുണ്ടായിട്ടാണോ നിങ്ങൾ ഈ പ്രതികളെ പിടിച്ചത്? എന്തെങ്കിലും വസ്തുതകൾ ഉണ്ടായിട്ടാണോ? അപ്പോൾ നിങ്ങൾക്ക് ഒരു അജണ്ടയുണ്ട്. ആ അജണ്ട നടപ്പിലാക്കുന്നതിനുവേണ്ടി നിങ്ങൾ ഈ കൊലപാതകത്തെ ഉപയോഗിക്കുകയാണ്. അത് നാളെ ബൂമറംങ് ആയി നിങ്ങൾക്കെതിരായിട്ട് തിരിയുമെന്നുള്ളത് കാണണം. ഈ രൂപത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയെയും അതിന്റെ നേതാക്കളെയും തേജോവധം ചെയ്യുന്നതിന് രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി ഇന്ത്യാ രാജ്യത്തോ കേരളത്തിന്റെയോ ചരിത്രത്തിൽ ഈ രൂപത്തിലുള്ള ഒരു നീചപ്രവർത്തനം ഇന്നുവരെ കണ്ടിട്ടില്ല. അടിയന്തരാവസ്ഥ കാലഘട്ടത്തിൽപ്പോലും കാണാത്ത രൂപത്തിലുള്ള സംവിധാനങ്ങളാണ് ഇവിടെ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒന്നു മനസ്സിലാക്കണം. കെ. കരുണാകരന്റെ അനുഭവം നമുക്കറിയാം, ജയറാം പടിക്കലിന്റെ അനുഭവം നമുക്കറിയാം, ലക്ഷ്മണിന്റെ അനുഭവം നമുക്കറിയാം. ആ അനുഭവം വച്ചുകൊണ്ട് ഞാൻ പറയാം. നീതിപൂർവ്വം ഈ കാര്യത്തെ ബഹുമാനപ്പെട്ട മന്ത്രി നോക്കികാണണം. ഒരു രൂപത്തിലും കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിന്

താങ്കൾക്ക് സഹായകരമായിരിക്കുന്ന നിലപാടല്ലാതെ മറ്റൊരു നിലപാടും ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭംഗ്യന്തരേണ അങ്ങ് പറഞ്ഞുപറഞ്ഞു ചെറിയ ഭീഷണിയാണ് എന്നോട് മുഴക്കുന്നതെന്ന് എനിക്ക് മനസ്സിലാകും. അങ്ങത് മനസ്സിൽ കരുതിയിട്ട് പറഞ്ഞതല്ല എന്നുള്ളതാണ് ഇപ്പോഴും എന്റെ വിശ്വാസം. പിന്നെ ഭീഷണി മുഴക്കിയാൽ ഇതൊക്കെ തീർക്കാൻ പറ്റു മോ? ഇതിലൊക്കെ നീതിപൂർവ്വമല്ലേ പോകാൻ പറ്റൂ; അതുകൊണ്ട് അങ്ങുകൂടി വന്നിട്ട് നീതിപൂർവ്വം നമുക്ക് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാം.

ശ്രീ. എ.കെ. ബാലൻ: സർ, നീതിപൂർവ്വം താങ്കൾ സ്വീകരിക്കുന്ന എല്ലാ നടപടികളോടും ഞങ്ങൾ ഇന്നുവരെ ഇടപെട്ടിട്ടില്ലല്ലോ; അങ്ങേയ്ക്കത് പറയാൻ പറ്റില്ലല്ലോ? അതിന്റെ പിന്നിൽ ഞങ്ങൾ എപ്പോഴു മുണ്ടാകും. പക്ഷേ ഞങ്ങളെപ്പോലുള്ള ഒരു പാർട്ടി, കേരളത്തിലെ ജനങ്ങ ളിൽ നല്ലൊരു ഭൂരിപക്ഷമുള്ളൊരു പാർട്ടിയാണല്ലോ, പ്രസ്ഥാനമാണല്ലോ. അതിൽ യാതൊരു സംശയവുമില്ലല്ലോ; അതിനെ ഒരു കൊലപാതക ത്തിന്റെ പേരിൽ ഇല്ലാതാക്കിക്കളഞ്ഞ് കേരള രാഷ്ട്രീയത്തിന്റെ മൂലയ്ക്കി രുത്താൻ കഴിയുമെന്ന് അങ്ങ് വിശ്വസിക്കില്ല എന്നു ഞാൻ കരുതുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരു തെറ്റായ ധാരണ പരത്താൻ ശ്രമിക്കുകയാണ്. ഈ അന്വേഷണം എന്നുപറഞ്ഞാൽ

മാർക്സിസ്റ്റ് പാർട്ടിയും അന്വേഷണ സംഘവും തമ്മിലുള്ള തർക്കമായി കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. നമുക്ക് അങ്ങനെ തർക്കമില്ല. മാർക്സിസ്റ്റ് പാർട്ടിയുമായിട്ട് തർക്കിക്കുന്ന പ്രശ്നമില്ല. കാരണം, അതൊരു പൊളിറ്റിക്കൽ പാർട്ടിയാണ്. അതിന് അതിന്റേതായ നിയമപര മായ എല്ലാ പ്രവർത്തനവുമുണ്ട്. പക്ഷേ ആ പാർട്ടിയുടെ മറ ഉപയോ ഗിച്ചുകൊണ്ട് ആരെങ്കിലും ക്രിമിനൽ ആക്ടിവിറ്റി നടത്തിയാൽ അത് കണ്ടില്ലെന്ന് നടിച്ച് ഒരു ഗവൺമെന്റ് നിൽക്കണമെന്നാണോ അങ്ങ് ഞങ്ങളെ ഉപദേശിക്കുന്നത്?

ശ്രീ. എ.കെ. ബാലൻ: സർ, ഞങ്ങൾ ആദ്യമേ പറഞ്ഞല്ലോ, ഈ കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും തലത്തിലോ തട്ടിലോ ഉള്ള പ്രവർത്തകരോ അനുഭാവികളോ ഞങ്ങളുടെ പാർട്ടിയിലുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന തിനും ശിക്ഷിക്കുന്നതിനും ഒരു തടസ്സവും ഞങ്ങൾക്കില്ലെന്ന്. അന്വേഷണ ത്തിന്റെ ഭാഗമായിത്തന്നെ ഞങ്ങൾ നിരവധി തവണ പറഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയിൽനിന്ന് ആഗ്രഹിക്കുന്നതും അതുതന്നെയാണ്. ജനാധിപത്യത്തിൽ ഇത്തരത്തിൽ ഒരു കേസ് വന്നാൽ നിയമപരമായ സംവിധാനമല്ലാതെ മറ്റൊരു സംവിധാനവുമില്ല. മാത്രമല്ല, ഇതു സംബന്ധിച്ച് കോടതികളിലൊക്കെ കയറിയല്ലോ ഏതെങ്കിലും ഒരു നീതിന്യായ കോടതി, അപ്പക്സ് കോടതിയടക്കം ഏതെങ്കിലും ഒരു കോടതി ഗവൺമെന്റിനെയോ പോലീ

സിനെയോ അന്വേഷണ സംഘത്തെയോ കുറ്റപ്പെടുത്തിയോ? അങ്ങനെ കോടതി പോലും കുറ്റപ്പെടുത്താത്ത ഒരു കാര്യത്തിന് ദയവായി അങ്ങ് എന്നെ കുറ്റപ്പെടുത്തുന്നത് ശരിയാണോ?

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, കുറ്റപ്പെടുത്തുന്നേയില്ലല്ലോ, ഞങ്ങൾ സാറിനെ കുറ്റപ്പെടുത്തിയിട്ടേ ഇല്ലല്ലോ? പക്ഷേ അന്വേഷണത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ അങ്ങുതന്നെ പറഞ്ഞൊരു കാര്യമുണ്ട്. എന്താ അത്? ഇതിൽ സി.പി.ഐ.(എം) പങ്കാളിയാണ് എന്ന് വരുത്തുന്ന പ്രസ്താവന സാർ നടത്തിയിട്ടുണ്ട്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയിട്ടുണ്ട്. ഇല്ലെങ്കിൽ അങ്ങ് പിൻവലിച്ചോളൂ. പ്രശ്നമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ അങ്ങനെയൊരു പ്രസ്താവനയും നടത്തിയിട്ടില്ല. നല്ലൊരു അന്വേഷണം നടത്തേണ്ടത് അന്വേഷണ സംഘത്തിന്റെ ചുമതലയാണ്. ഏറ്റവും പെർഫക്ടായ ഓഫീസേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണ സംഘത്തെ വച്ചു. അത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ആ സംഘം അന്വേ ഷണം നടത്തുകയാണ്. അതിനകത്ത് ഞാൻ പറഞ്ഞിട്ടില്ല, മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. പൊളിറ്റിക്കൽ ലീഡർഷിപ്പ് അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞി ട്ടുണ്ട്. അത് പറയുകയും ചെയ്യും. നാളെ പോയി രാഷ്ട്രീയ പാർട്ടി യിൽപ്പെട്ട ആളുകളുടെ നേതൃത്വത്തിനെ നിയന്ത്രിക്കാൻ ആർക്കും സാധ്യ മല്ല. പക്ഷേ അഡ്മിനിസ്ട്രേഷൻ കൈകാര്യം ചെയ്യുന്ന വ്യക്തികൾ എന്നുള്ള നിലയിൽ മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പുമന്ത്രിയായ

ഞാനോ ഇന്ന വ്യക്തി അല്ലെങ്കിൽ ഇന്ന പാർട്ടി എന്ന് അതിനെ കുറ്റപ്പെടുത്തിയിട്ടില്ല. നിങ്ങൾ കോൺഗ്രസ്സിനെ കുറ്റപ്പെടുത്തിയിട്ടുണ്ട്. കോൺഗ്രസ് തിരിച്ചും കുറ്റപ്പെടുത്തും. അത് സ്വാഭാവികം മാത്രമാണ്. അതുകൊണ്ട് അതും ഇതും രണ്ടും രണ്ടാണ്. അതുകൊണ്ട് അഡ്മിനിസ്ട്രേഷൻ എടുക്കുന്ന നിലപാട് കൃത്യമായി മാത്രമേ മുമ്പോട്ട് പോകുകയുള്ളു. അതുകൊണ്ട് അതിനെ രാഷ്ട്രീയമായി കാണരുത്.

മി. ചെയർമാൻ: യെസ്.... യെസ്.... ബഹുമാനപ്പെട്ട മെമ്പർ അര മണിക്കൂറായി.

ശ്രീ. എ.കെ. ബാലൻ: സർ, ഈ കാര്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾ ഒന്നും പറഞ്ഞില്ലായെന്നുള്ളത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിക്ക് അറിയാമല്ലോ? ഒരു പ്രത്യേക ഘട്ടത്തിൽ ഡി.ജി.പി. പറയുന്നു, ഇത് രാഷ്ട്രീയപ്രേരിതമല്ലായെന്ന്, ആ ദിവസംതന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് ഇത് രാഷ്ട്രീയപ്രേരിതമാണ് എന്ന്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോൾ ശ്രീ. എ.കെ. ബാലൻ എന്തു പറയുന്നു, ആന്ന് ആ കാര്യം പറഞ്ഞ ആളുകൾ ഞാൻ പറഞ്ഞ സ്ഥലത്തുതന്നെ വന്നെത്തിയല്ലോ? അതുകൊണ്ട് ദയവായി അതിനെ ചർച്ചയിലേയ്ക്ക് കൊണ്ടുപോകേണ്ട.

ശ്രീ. എ.കെ. ബാലൻ: സർ, ഇത് രാഷ്ട്രീയപ്രേരിതമായ കേസ്സാണ്, രാഷ്ട്രീയപ്രേരിതമായ കൊലപാതകമാണ് എന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഞങ്ങൾക്ക് അതിനോട് യോജിപ്പില്ല.

ഞങ്ങൾ അതിനോട് യോജിക്കുന്നില്ല. കൊലപാതകമെന്ന് പറഞ്ഞാൽ ഈ കൊലപാതകം മാത്രമല്ലല്ലോ; സാറിന്റെ മുമ്പിൽ ഒരു ഇരട്ട കൊലപാതകം വേറെ ഉണ്ടല്ലോ; ഫോൺ വിളി വേറെയുണ്ടല്ലോ; എഫ്.ഐ.ആർ. ആയി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രതിയുണ്ടല്ലോ; ഒരു കൊഗ്നൈസബിൾ ഒഫൻസല്ലേ? എഫ്.ഐ.എസ്.-ന്റെ മുന്നിൽ ഒരു എഫ്.ഐ.ആർ. ഇട്ടുകഴിഞ്ഞാൽ സാമാന്യേന ചോദ്യം ചെയ്യണ്ടേ? ഏതെങ്കിലും ഒരു സമീപനം ബഹുമാനപ്പെട്ട അങ്ങയുടെ ഭാഗത്തുണ്ടായിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:സർ, ആ അന്വേഷണത്തെ സംബന്ധിച്ച് ശ്രീ. എ.കെ. ബാലൻ അടക്കം ഇവിടെ ഇരിക്കുന്ന സി.പി.ഐ.(എം)-ൽപ്പെട്ട ഒരു എം.എൽ.എ. പോലെയോ പ്രധാനപ്പെട്ട ഒരു വ്യക്തി പോലെയോ ഈ ഗവൺമെന്റിന്റെ മുമ്പിൽ എഴുതി തന്ന ഒരു പരാതിയുമില്ല. ഞാൻ ഒന്ന് പറഞ്ഞോട്ടെ, അങ്ങയോട് ആയതുകൊണ്ടാണ് ഞാൻ ഈ സ്വാതന്ത്ര്യം എടുക്കുന്നത്. പക്ഷേ നിയമസഭയിൽ പ്രസംഗിക്കുമ്പോൾ കുറേ പരാതികൾ പറയാറുണ്ട്. പ്രസ്താവനയിറക്കുമ്പോൾ കുറേ പരാതികൾ പറയുന്നുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ കേസ്സുകളിലും കുനിയിൽ കേസ്സാകട്ടെ, ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സാകട്ടെ, ഷുക്കൂർ വധക്കേസ്സാകട്ടെ, ഫസൽ വധമാകട്ടെ ഇതിനകത്തൊക്കെ നീതി രാഹിത്യത്തോടുകൂടിയ ഒരു സമീപനം ഞങ്ങൾക്ക് ഇല്ല. പിന്നെ ശ്രീ. എം.എം. മണിയുടെ വെളിപ്പെടുത്തലിനെ സംബന്ധിച്ച് ഹൈക്കോടതി എന്താണ് പറഞ്ഞത്? ഹൈക്കോടതിയിൽ പോയല്ലോ? ഹൈക്കോ

ടതി എന്താണ് പറഞ്ഞത്? ഹൈക്കോടതി ഗവൺമെന്റെടുത്ത നിലപാടിനെ സപ്പോർട്ട് ചെയ്യുകയായിരുന്നു. അതുപോലെതന്നെ ശ്രീ. കെ. സുധാകരന്റെ കാര്യം പറഞ്ഞു, അന്വേഷണസംഘത്തെ വച്ചു. അതിൽ ഒരാളെക്കുറിച്ച് പരാതി പറഞ്ഞു. പരാതി പറഞ്ഞ ആളിനെ മാറ്റി പുതിയ ആളിനെ വച്ചു. ഇതിൽക്കൂടുതൽ എന്താണ് ഒരു ഗവൺമെന്റ് ചെയ്യേണ്ടത്; ഇതിൽക്കൂടുതൽ നിഷ്പക്ഷമായി ഒരു ഗവൺമെന്റിന് എന്താണ് ചെയ്യാൻ കഴിയുക?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയോട് ഒരു കാര്യം മാത്രമേ ചോദിക്കുന്നുള്ളു, ഇരട്ട കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു എഫ്.ഐ.എസ്-ഉം അതിന്റെ അടിസ്ഥാനത്തിൽ ഒരു എഫ്.ഐ.ആർ-ഉം ഉണ്ടായാൽ അതിനെ സംബന്ധിച്ച് എല്ലാ ഭാഗത്തും അന്വേഷിക്കണം. ഞാൻ പറയുന്നത് നിങ്ങളുടെ നന്നാല് പതിനാറും ഞങ്ങളുടെ നന്നാല് പന്ത്രണ്ടുമായികൂടാ. അത് നന്നാല് പതിനാറ് തന്നെയായിരിക്കണം.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ, പ്ലീസ് കൺക്ലൂഡ്. മിനിസ്റ്റർ ഇടപെട്ടതുകൊണ്ടാണ് നീണ്ടുപോയത്.

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, സഖാവ് കോടിയേരി ബാലകൃഷ്ണൻ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന അവസരത്തിൽ കേരള പോലീസ് ഏറ്റവും ശക്തമായിട്ടുള്ള പോലീസും അന്വേഷണത്തിന് ഇന്ത്യാരാ

ജ്യത്തിന് മാതൃകയുമായിരുന്നു. ഒരു ആക്ഷേപവും ഉണ്ടായിട്ടില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും ശിക്ഷിപ്പിക്കുന്നതിനും മാതൃകാപരമായ സമീപനമാണെടുത്തത്. ഇപ്പോൾ ഞങ്ങൾക്ക് അത് ഏകപക്ഷീയമാണെന്ന് തോന്നുന്നു. അല്ലായെന്ന് വരുത്തിത്തീർക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് കഴിയുമെങ്കിൽ ഞങ്ങൾ സ്വാഗതം ചെയ്യും. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒറ്റ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഞാൻ ചോദിക്കട്ടെ, ഈ ഭാഗത്ത് നിന്ന് ചാക്കിട്ട് പിടിച്ച് നാല് എം.എൽ. എ.-മാരെ അങ്ങോട്ടേയ്ക്ക് ആകർഷിക്കും, അങ്ങോട്ടേയ്ക്ക് കൊണ്ടുപോകുമെന്നൊക്കെ പറയുന്നുണ്ടല്ലോ; കോൺഗ്രസ്സിന് ഇങ്ങനെയൊരു പാരമ്പര്യമുണ്ടോ; കോൺഗ്രസ്സിന് ഈ രൂപത്തിൽ ഒരു പാരമ്പര്യമുണ്ടോ? കൂറുമാറി അപ്പുറത്ത് വന്ന ഒരാൾ നാല് ആൾ വീണ്ടും വരാനുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിക്കുന്നില്ല, അതുകൊണ്ടാണ് ഞങ്ങൾ ഇപ്പോൾ ആ ശ്രമത്തിൽ നിന്ന് ഒഴിവായത് എന്ന് കോൺഗ്രസ്സിന്റെ കൂടെനിന്ന് പറയുക എന്നുപറഞ്ഞാൽ ആത്മാഭിമാനബോധമുള്ള ഏതെങ്കിലും ഒരു കോൺഗ്രസ്സുകാരന് അംഗീകരിക്കാൻ പറ്റുമോ? ഞാൻ ശ്രീ. സി.പി. മുഹമ്മദിനോട് ചോദിക്കുകയാണ്, ഇതൊരു **x x x x x** സ്ഥാപനമല്ല. അത് മനസ്സിലാക്കണം. പറഞ്ഞത് മനസ്സിലായില്ലേ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, നിങ്ങളുടെ കൂടെയുള്ള ആളുകൾ ആരെങ്കിലും

പൊഴിഞ്ഞാൽ ഞങ്ങൾക്ക് എന്താണ് ഉത്തരവാദിത്വം? നിങ്ങളുടെ കൂടെയുള്ള ആളുകൾ പൊഴിയുന്നെങ്കിൽ അത് ഞങ്ങളുടെ കുഴപ്പ മാണോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ചെയറിന് അനുവദിക്കാവു ന്നതിൽക്കൂടുതൽ സമയമായി.

ശ്രീ. എ.കെ. ബാലൻ: സർ, ഈ കൊക്കിൽ ഒരു ഇര നിങ്ങൾക്ക് കിട്ടി. അത് സത്യമാണ്. അതിന് ഞങ്ങൾക്ക് പറ്റിയ പ്രശ്നം ഞങ്ങൾ മനസ്സിലാക്കാം. പക്ഷേ ഒരുകാര്യം ഞാൻ പറയാം. ഒരമ്മയുടെ ഗർഭപാത്രത്തിൽ ഒരച്ഛന് ജനിച്ച ഏതെങ്കിലും പ്രതിനിധി ഇവിടെ ഉണ്ടെ ങ്കിൽ അതിൽ ഒരാളെപ്പോലും തട്ടിയെടുക്കാൻ ഇനി നിങ്ങൾക്ക് കഴിയുക യില്ല. അത് മാത്രം ഞാൻ സൂചിപ്പിക്കുന്നു. ഈ ബില്ലിനെ ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307. ബഹുമാനപ്പെട്ട എ.കെ. ബാലൻ സംസാരിച്ചപ്പോൾ **x x x x x** എന്നൊരു പദം ഉന്നയിച്ചു. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. അത് സഭയ്ക്ക് അപമാനമുണ്ടാക്കുന്ന കാര്യമാ ണ്. അങ്ങ് ഇപ്പോൾതന്നെ അത് രേഖയിൽ നിന്ന് നീക്കം ചെയ്യുവാൻ പറ യണം.

മി. ചെയർമാൻ: അത് പരിശോധിച്ച് ആവശ്യമായിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കാം. (ശ്രീ. വി. ഡി. സതീശൻ)